കയർ വ്യവസായ രംഗത്തെ പ്രതിസന്ധി

17 [* 326] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, പി. എസ്. സുപാൽ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായരംഗം പ്രതിസന്ധിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങൾ ചകിരിയുടെ ദൗർലഭ്യവും ഗവേഷണ വികസനത്തിന്റെ അപര്യാപ്തതയുമാണ്.

(ബി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും കയർഫെഡ്, ചകിരി വാങ്ങി സൊസൈറ്റികൾക്ക് വിതരണം ചെയ്യുന്നുണ്ട്. അടഞ്ഞു കിടന്നിരുന്ന കയർഫെഡിന്റെ കീഴിലുള്ളതും മറ്റു സൊസൈറ്റികൾ നടത്തിയിരുന്നതും ആയ ഡീ ഫൈബറിംഗ് മില്ലുകൾ കേടുപാടുകൾ തീർത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനും പുറമേ സഹകാര്യ വ്യക്തികൾക്ക് ഡീ ഫൈബറിംഗ് മില്ലുകൾ തുടങ്ങാൻ 50 % സബ്സിഡി, പരമാവധി 10 ലക്ഷം രൂപവരെ കൊടുക്കാൻ തീരുമാനിച്ചു. കയർഫെഡ് സ്വന്തം ഉത്തരവാദിത്വത്തിൽ ചകിരി വാങ്ങുവാൻ അവരുടെ അഫിലിയേറ്റഡ് സൊസൈറ്റികൾക്ക് ഒരു ലക്ഷം രൂപവരെ കടം കൊടുക്കുന്ന നടപടികൾ നടത്തുന്നു.

കയർഫെഡിന് റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയും 50 ലക്ഷം രൂപ കയർ കോർപ്പറേഷനും അനുവദിച്ച് നൽകി. സംസ്ഥാനത്തിനകത്ത് കിട്ടുന്ന തൊണ്ടിന്റെ ഉപയോഗം വർദ്ധിപ്പിച്ച് ചകിരി ഉണ്ടാക്കുന്നതിനായി സഹകരണ മേഖലയിൽ സ്ഥാപിച്ച 56 യന്ത്രവൽകൃത ചകിരി യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിനുപുറമേ ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് യന്ത്രവൽകൃത ചകിരിമില്ലുകൾ സ്ഥാപിക്കുന്ന സഹകാര്യ സംരംഭകർക്ക് അവരുടെ മൂലധന നിക്ഷേപത്തിന്റെ 50 % തുക, പരമാവധി 10 ലക്ഷം രൂപവരെ സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

ചകിരിയുടെ ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുന്നതിനായി പുറം രാജ്യങ്ങളിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുവാനുള്ള നടപടിയും എടുത്തുവരുന്നു.

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly